# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 455 - 08/08/2017 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

**ചോദ്യം** | **ഉത്തരം**

**ശ്രീ. അബ്ദുൽ ഹമീദ്. പി**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 121183.07 കോടി രൂപയും ആളോഹരി കടം 35466.83 രൂപയുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നുവെന്ന് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല. |
| (സി) | മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്; | അക്കൗണ്ടന്റ് ജനറലിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ മൊത്തം റവന്യൂ വരുമാനത്തിന്റെ 22.36 ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ളത്. |
| (ഡി) | ജി. എസ്. ടി. നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും റിട്ടേണുകൾ 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ വർദ്ധനവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ 2015-16 അടിസ്ഥാന വർഷമായി കണക്കാക്കി നികുതി വരുമാനത്തിന്റെ ശരാശരി വളർച്ചാ നിരക്ക് 14% ആയി നിശ്ചയിച്ചിട്ടുണ്ട്. നികുതി വരുമാനം പ്രസ്തുത വളർച്ചാ നിരക്ക് കൈവരിക്കാത്ത പക്ഷം നികുതി വരുമാനത്തിലുണ്ടാകുന്ന കുറവ് കോമ്പൻസേഷനായി നൽകാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**